കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.11/1037/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 29/12/2021
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.11/1037/2021 തീയ്യതി: 29/12/2021

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2020 മുതൽ 26-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	27-10-2021	06-11-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-10-2021	06-11-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അനിറ്റ പി സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വത്സ ജോൺ	പ്രസിഡന്റ്	01-04-2020	11-11-2020
ഭരണ നിർവ്വഹണ കമ്മിറ്റി	സെക്രട്ടറി	12-11-2020	29-12-2020
ശ്രീമതി ടിസി ജോബ്	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ ഷാജിമോൻ വി.കെ	സെക്രട്ടറി	01-04-2020	08-06-2020
ശ്രീ ജോസ് സൈമൺ	സെക്രട്ടറി	09-06-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.അന്നു മാർട്ടിൻ	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	01-04-2020	12-02-2021
ഡോ.റിം മാത്യു	മെഡിക്കൽ ഓഫീസർ (ആരോഗ്യം)	13-02-2021	31-03-2021
ഡോ.സുജ സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	31-03-2021
ഡോ.ചിത്ര പി.വി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	20-01-2021
ഡോ.ഷിനോജ് തോമസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	21-01-2021	31-03-2021
ഡോ.ഷാജി ഇ.കെ	വെറ്ററിനറി സർജൻ	01-04-2020	23-05-2020
ഡോ.ദീപ കെ.കെ	വെറ്ററിനറി സർജൻ	24-05-2020	06-07-2020
ഡോ.അനു സുധാകരൻ	വെറ്ററിനറി സർജൻ	07-07-2020	31-03-2021
ശ്രീ ആനന്ദ് വിഷ്ണു പ്രകാശ്	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി രമാ ഭായ്	ഹെഡ് മിസ്ട്രസ്	01-04-2020	31-03-2021
ശ്രീമതി റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	01-04-2020	31-03-2021
ശ്രീമതി മെൽഡ ഡേവിഡ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	02-11-2020
ശ്രീമതി അലീന ജോർജ്ജ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	03-11-2020	31-03-2021
ശ്രീമതി റോസ്മി ജോസ്	വി.ഇ.ഒ പെരിയാമ്പ്ര സർക്കിൾ	01-04-2020	04-09-2020
ശ്രീമതി സരിത ഇബ്രാഹിം	വി.ഇ.ഒ പെരിയാമ്പ്ര സർക്കിൾ	05-09-2020	31-03-2021

ശ്രീമതി നിത്യ പി.എസ്	വി.ഇ.ഒ അരിക്കുഴ സർക്കിൾ	01-04-2020	31-03-2021
ശ്രീ. ഷാഹുൽ ഹമീദ് പി.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	21-04-2020
ശ്രീമതി സീന എം.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	22-04-2020	01-07-2020
ശ്രീ. കുട്ടിച്ചൻ എം കല്ലട	അസിസ്റ്റന്റ് എഞ്ചിനീയർ	02-07-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	ബജറ്റ് ഫയൽ	1-1-1
3	നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം	1-1-2
4	റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം	1-1-3
5	വാർഷിക ധനകാര്യപത്രിക.	1-2
6	ഫണ്ട് വിനിയോഗം	1-3
7	പദ്ധതി അവലോകനം	1-4
8	തൊഴിലുറപ്പു പദ്ധതി	1-5
9	ക്ഷേമ പദ്ധതികൾ	1-6
10	കാഷ് പരിശോധന	1-7
11	ആഭ്യന്തര നിയന്ത്രണം	1-8
12	ഡിപ്രീസിയേഷൻ	1-9
13	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.	1-10
14	വാർദ്ധക്യകാല പെൻഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-11-1
15	ജവഹർ ലോൺതിരിച്ചടവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-11
16	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	1-12
17	വസ്തു നികുതി കുടിശ്ശിക	1-13
18	നിശ്ചിത സമയപരിധിക്കുള്ളിൽ ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ വീഴ്ച - കരാറുകാരുടെ നിരത ദ്രവ്യം തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല	1-14
19	തടികളുടെ ലേലം നടന്നിട്ടില്ല	1-15
20	വാടക ഇനത്തിൽ വൻകുടിശ്ശിക	1-16
21	പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല, ചെലവ് തടസ്സം ₹377855/	1-17
22	മരുന്നുകൾ ലഭ്യമായിട്ടില്ല	1-18
23	CFLTC മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി തനതു ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുകയുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല	1-19
24	വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല	1-20
25	നെൽ കൃഷിക്ക്കൂലിച്ചെലവ് സബ്സിഡി -അപാകതകൾ	1-21
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സാക്ഷ്യപ്പത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾ	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4

5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

11.03.20 ലെ 1-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹6726274/- മുന്നിരിപ്പും ₹95026100/-വരവും ₹99069721/-ചെലവും ₹2682653/- നീക്കിയിരിപ്പും ഉള്ള മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 26.03.2020ലെ 1(1) നം. തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. ₹6726274/- മുന്നിരിപ്പും ₹96671850/- വരവും ₹101527721/- ചെലവും ₹1870403/- നീക്കിയിരിപ്പും ഉള്ള 2020-21ലെ പുതുക്കിയ ബജറ്റ് 17.02.2021 ലെ 4-നം. തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 17.02.2021 ലെ 1നം. തീരുമാന പ്രകാരം ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

1-1-1 ബജറ്റ് ഫയൽ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

1-1-2 നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം	2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്	യഥാർത്ഥ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം)	വ്യതിയാനം
നികുതി വരവ്	5025000	4684608	340392
വാടക	201600	160960	40640
ഫീ &യുസർ ചാർജ്	738250	680366	57884
സെയിൽ ആന്റ് ഹയർ ചാർജ്	257000	216161	40839

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനത്തോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണവും ഉണ്ടാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വരവുകളുടെ ബജറ്റ് തയ്യാറാക്കിയവേളയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലായെന്നു കാണുന്നു.

1-1-3 റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം

	2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്	യഥാർത്ഥ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം)	വ്യതിയാനം
ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ	9710000	7564011	2145989
ഭരണ ചെലവുകൾ	2042000	868994	1173006
സംരക്ഷണവും നടത്തിപ്പും	2019000	1452610	566390
പലിശ അനുബന്ധ ചെലവുകൾ	1000	32197	31197

പലിശ അനുബന്ധ ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികരിച്ചതായി കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1)6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മറ്റ് റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കുറവാണന്നു കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	23.07.2021		

1-3 ഫണ്ട് വിനിയോഗം

ഇനം	മുൻബാക്കി	തൻവർഷ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസനഫണ്ട് – പൊതുവിഭാഗം	--	9199561	9199561	8813675	385886
വികസനഫണ്ട് – എസ്.സി.പി.	-	2430000	2430000	2407407	22593
വികസനഫണ്ട് – ടി.എസ്.പി.	-	830000	830000	83000	0
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	7140000	7140000	6596465	543535
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	-	7348000	7348000	7348000	0
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	-	3492000	3492000	3100120	391880
ദുരിതാശ്വാസനിധി	922	32	954	-	954
ഐ.സി.ഡി.എസ്.	77827	467120	544947	425473	119474
ടോട്ടൽ സാനിട്ടേഷൻ	593422	1456495	2049917	1149658	900259
വെസ്റ്റേൺഘട്ട്	267444	8939	276383	276383	--
ഖരമാലിന്യ നിർമ്മാർജ്ജനം	1300000	--	1300000	1117507	182493
ശുചിത്വ മിഷൻ	154014	-	154014	24000	130014

ആരോഗ്യ ഇൻഷുറൻസ്	1854	-	1854		1854
കേരളോത്സവം	0	20000	20000	20000	--
പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ്	0	500000	500000	9665	490335
പ്രളയ ദുരിതാശ്വാസ ഗ്രാന്റ്	99350	-	99350	-	99350
സംസ്ഥാന അവാർഡ്	6510	-	6510	-	6510

വികസന ഫണ്ട് ജനറൽ, എസ് സി പി ഇനങ്ങളിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ പ്രസ്തുത ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്.

ഹെഡ് നം. 320300199 ഏതിനത്തിലുള്ള ഗ്രാന്റ് തുകയാണെന്ന് വ്യക്തമല്ല. ആയതിനാൽ ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ മൂന്നാം വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സമിതി യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	09.01.2020
പദ്ധതി ആസൂത്രണ ഗ്രാമ സഭകൾ	27.01.2020-14.02.2020
വികസന സെമിനാർ	03.03.2020
ജില്ലാ ആസൂത്രണ സമിതി അംഗീകാരം	14.03.20

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ	പദ്ധതി അടങ്കൽ	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി ചെലവ്	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
209	69374813	168	34235685	41	80.38

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ	അടങ്കൽ (₹)	ചെലവ് (₹)
കൃഷി ഓഫിസർ	5	5	565030	397703
മെഡിക്കൽ ഓഫിസർ(ആരോഗ്യം)	5	5	1093297	1018427
മെഡിക്കൽ ഓഫിസർ(ഹോമിയോ)	2	2	350000	350000
മെഡിക്കൽ ഓഫിസർ(ആയുർവേദം)	3	3	800000	800000
വെറ്ററിനറി സർജൻ	9	8	3692900	2102398
വി.ഇ.ഒ	29	24	29364000	4459787
ഐ.സി.ഡി.എസ് സൂപ്പർവൈസർ	9	9	3598006	3202252
സെക്രട്ടറി	30	22	5429902	4339740
ഡയറി എക്സ്റ്റൻഷൻ ഓഫിസർ	2	2	1446841	546841
അസി.എഞ്ചിനിയർ	110	84	22679797	16691959
ഹെഡ് മാസ്റ്റർ	5	4	355040	326578
ആകെ	209	168	69374813	34235685

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 49.35% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 84.43% ഉം എസ്.സി.പി ഫണ്ടിന്റെ 76.39% ഉം ടി.എസ്.പി ഫണ്ട് 100% ഉം വിനിയോഗിച്ചിട്ടുണ്ട്. നെൽ

കൃഷി ചെയ്യാതെ തരിശായി കിടന്നിരുന്ന പരമാവധി നിലങ്ങൾ കൃഷിയിടങ്ങളാക്കി മാറ്റുന്നതിനും നെൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. ഹരിത കർമ്മ സേനയുടെ സഹായത്തോടെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.സി.എഫ്-ൽ എത്തിക്കുകയും ചെയ്യുന്ന പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു. മാലിന്യം ഇടാൻ സാധ്യതയുള്ള 40 സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

1 ലക്ഷം രുപയ്ക്കു മുകളിലുള്ള എല്ലാ പൊതുമരാമത്തു പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്തു നൽകുവാൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനമെടുത്തിട്ടുള്ളതും ശ്രദ്ധേയമാണ്. ഇതുവഴി വലിയ തുക ടെണ്ടർ സേവിംഗ്സ് ആയി നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്.

1-5 തൊഴിലുറപ്പു പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
കേന്ദ്രാവിഷ്കൃത പദ്ധതി	തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്)	0	3629122	3629122	3455168	173954
	തൊഴിലാളികളുടെ കൂലി	0	7808000	7808000	7808000	0
	മെറ്റീരിയൽ	0	6153000	6153000	6153000	0

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	6240	9
കർഷകതൊഴിലാളി പെൻഷൻ	4947400	323
വിധവാപെൻഷൻ	6514800	436
വാർദ്ധക്യകാലപെൻഷൻ	15924100	1099
വികലാംഗപെൻഷൻ	2341200	156
അവിവാഹിതർക്കുള്ള പെൻഷൻ	403300	27

സേവനയിലെ വിശദാംശങ്ങൾ പ്രകാരം ഉൾപ്പെടുത്തിയത്. ടി തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2343/-(രണ്ടായിരത്തി മുന്നൂറ്റി നാൽപത്തി മൂന്ന് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവു പ്രകാരം ജോലി വിഭജനം നടത്തി നിർവ്വഹണ ചുമതല ജിവനക്കാരെ ഏൽപിച്ചിട്ടുണ്ട്. നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ

ചെലുത്തുന്നുണ്ട്. നികുതി പിരിവ്, മാലിന്യ നിർമ്മാർജ്ജനം എന്നിവയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ തുടർച്ചയായി 2 തവണ ജില്ലയിലെ മികച്ച രണ്ടാമത്തെ ഗ്രാമ പഞ്ചായത്തായി മണക്കാട് ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകളുടെ വിനിയോഗ വിവരം കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. പ്രതിമാസ നിരക്കിലുള്ള വെള്ളക്കരം കൃത്യമായി ഒടുക്കുവരുത്തുന്നുണ്ടെങ്കിലും ഒടുക്കു വരുത്തിയ തുക വാട്ടർ അതോറിറ്റി കുടിശ്ശിക തുകയിൽ ഉൾപ്പെടുത്തി ഡിമാന്റ് ചെയ്യുവരുന്നു. വെള്ളക്കരം ഡിമാന്റ് തുകയിലെ അപാകത കണ്ടെത്തി വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ന്യൂനത പരിഹരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തരിശു നിലം കണ്ടെത്തി നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

1-9 ഡിപ്രീസിയേഷൻ

2020-21 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹2671468 /-ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഐ 17 (എ) യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കേരള പഞ്ചായത്ത് അക്കൌണ്ട്സ് ചട്ടങ്ങൾ 2011 (ജി.ഒ (എം സ്)82/2011 ത സ്വ ഭ വ തീ 28.3.2011, ജി.ഒ (എം എസ്) നം. 152/2011 ത സ്വ ഭ വ തീ 26.7.2011 എന്നിവയിൽ അനുശാസിക്കും പ്രകാരം കണക്കാക്കിയിട്ടുള്ളതാണോയെന്ന് വ്യക്തമല്ല.

1-10 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

ക്രമ നം.	ഹെഡ്	തുക ₹
1	320100115	900259
2	320100121	119474
3	320200301	1854
4	320200311	99350
5	320200319	182493
6	320200324	490335
7	320300199	136572
8	320700204	709164
9	320900299	6510

വിവിധ പ്രോജക്റ്റുകൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ

നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരിക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ (അ) 7/2017/ധന പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

1-11-1 വാർദ്ധക്യകാല പെൻഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സേവന പ്രകാരം ₹15924100/-യുടെ ചെലവ് ഉണ്ട്.

1-11 ജവഹർ ലോൺതിരിച്ചടവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ആസ്തി ബാദ്ധ്യത പത്രിക ബി5 സ്റ്റേറ്റുമെന്റ് പ്രകാരം 31.3.2020-ൽ ജവഹർ ലോൺ തിരിച്ചടക്കാൻ ബാക്കിയുള്ളത് 3000000 രൂപയാണ്. 31.3.2021ലും 3000000 രൂപ തന്നെയാണ് ആസ്തി ബാദ്ധ്യത പത്രിക ബി5 സ്റ്റേറ്റുമെന്റിൽ ബാലൻസായി കാണിച്ചിരിക്കുന്നത്. ലോൺ അക്കൗണ്ടിൽ തൻ വർഷം അടച്ച 500000 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്. വാർഷിക കണക്കിലെ തുകയും ലോൺ സ്റ്റേറ്റുമെന്റും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണ്.

1-12 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 മഹാവ്യാധിയെ നേരിടുന്നതിന് ഗ്രാമ പഞ്ചായത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. 19.03.2020 ലെ ഒന്നാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ Break The Chain Campaign സംഘടിപ്പിച്ചുകൊണ്ടാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുളളത്. 22.04.2020-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിട്ടുളള നടപടികളെ സംബന്ധിച്ച് വിശദമായ വിലയിരുത്തലുകൾ നടത്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തനതുഫണ്ടിൽ നിന്നും ₹300000/- സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 30 യൂത്ത് വോളണ്ടിയർമാർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഹെൽപ്പ് ഡസ്ക് രൂപീകരണം

ആരോഗ്യകാര്യ സ്റ്റാൻഡിംഗ് ചെയർപേഴ്സൺ ശ്രീമതി ജീന അനിൽ ചെയർമാനായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൺവീനറായും 8 അംഗ ഹെൽപ്പ് ഡസ്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. ഹെൽപ്പ് ഡസ്ക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക ചെലവുണ്ടായിട്ടില്ല.

2.CFLTC

ഗ്രാമ പഞ്ചായത്തിൽ CFLTC രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിലും പ്രവർത്തനമാരംഭിച്ചിട്ടില്ല. CFLTCയുടെ പ്രവർത്തനത്തിനായി ₹500000/- ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ട്. ₹9665/-ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

3. കമ്മ്യൂണിറ്റി കിച്ചൻ

ഗ്രാമ പഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിട്ടില്ല

4.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് ₹3,00,000/- സംഭാവനയായി നൽകിയിട്ടുണ്ട്. ഇതുൾപ്പെടെ തൻവർഷം ₹4,23,548/- ചെലവഴിച്ചിട്ടുണ്ട്. പ്രധാന ചെലവിനങ്ങൾ താഴെ കൊടുക്കുന്നു.

ചെലവിനം	തുക(₹)
ബോധവൽക്കരണ നോട്ടീസ്&അനൗൺസ്മെന്റ്	13500/-
കോവിഡ് കെയർ സെന്ററിലേക്കും അതിഥി തൊഴിലാളികൾക്കുമായുള്ള ഭക്ഷണ ചെലവ്	44803/-
സാനിറ്റൈസർ	15398/-
വാഹനം-ഇന്ധന ചെലവ്	15300/-
ക്ലീനിംഗ് സാധനങ്ങൾ	12771/-

5.മറ്റ് വിവരങ്ങൾ

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗ ബാധിതർ എന്നിവർക്ക് മരുന്നു വാങ്ങി നൽകുന്നതിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് സംഭാവനയൊന്നും ലഭിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

ഹരിത കർമ്മ സേനയ്ക്ക് ഗംബൂട്ട്, മാസ്ക് എന്നിവ വാങ്ങി നൽകുന്നതിനായി പ്രോജക്ട് നമ്പർ 172/21ൽ ഉൾപ്പെടുത്തി ₹64944/-യും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാസ്ക് വാങ്ങി വിതരണം ചെയ്യുന്നതിനായി പ്രോജക്ട് നം.173/21-ൽ ഉൾപ്പെടുത്തി ₹240960/-യും ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്നുമാണ് ചെലവ് നടത്തിയിട്ടുള്ളത്.

1-13 വസ്തു നികുതി കുടിശ്ശിക

2020-21 വർഷം താഴെ സൂചിപ്പിക്കുന്ന പ്രകാരം വസ്തു നികുതി കുടിശ്ശികയായി കാണുന്നു.

വസ്തു നികുതി ഗണം	തുക ₹
പാർപ്പിടം	1,56,588
പാർപ്പിടേതരം	6,96,265

കുടിശ്ശിക നികുതി കാലഹരണപ്പെടാതെ അടിയന്തിരപ്രാധാന്യത്തോടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-14 നിശ്ചിത സമയപരിധിക്കുളളിൽ ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ വീഴ്ച - കരാറുകാരുടെ നിരത ദ്രവ്യം

തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

കരാറിലേർപ്പടുന്നതിൽ വീഴ്ച വരുത്തിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും 1% പിഴ ഈടാക്കി കരാറിലേർപ്പെടുന്നതിന് 8.09.2020 ലെ 2(5) നമ്പർ അജണ്ട പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു.

പദ്ധതിയുടെ പേര്	അടങ്കൽ തുക(₹)	കരാറുകാരന്റെ പേര്	നിരതദ്രവ്യം
അരിക്കുഴ ഗവ.എൽ.പി.സ്കൂളിൽ പെൺകുട്ടികൾക്കായി ടോയ്‌ലറ്റ്(196/21)	200000/-	പ്രിൻസ് ടി മാത്യു	₹50000
അരിക്കുഴ ഗവ.എൽ.പി.സ്കൂളിൽ അടുക്കള മെയിന്റനൻസ്(197/21)	125000/-	പ്രിൻസ് ടി മാത്യു	₹3125
പാറക്കടവ് അംഗനവാടി മെയിന്റനൻസ്(199/21)	125000/-	പ്രിൻസ് ടി മാത്യു	₹3125

പിഴ അടച്ച് കരാറിലേർപ്പെടുന്നതിന് അവസരം നൽകിയിട്ടും കരാറുകാരനായ ശ്രീ.പ്രിൻസ് ടി മാത്യു പദ്ധതി നിർവ്വഹണ ചുമതല ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. കരാറുകാരൻ ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുകയും ചെയ്യിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.6/30.10.21) നിരതദ്രവ്യം മുതൽ കൂട്ടുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയായി അറിയിച്ചു. കരാറുകാരൻ നിരതദ്രവ്യമിനത്തിൽ ഒടുക്കിയിട്ടുള്ള ₹11250/-തനതുഫണ്ടിലേക്ക് മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-15 തടികളുടെ ലേലം നടന്നിട്ടില്ല

പഞ്ചായത്തിൽ ലേലം നടത്തി വിൽക്കാതെ സൂക്ഷിച്ചിരിക്കുന്ന തടികളുടെ വിവരം ചുവടെച്ചേർക്കുന്നു.

ക്രമ നം.	തടിയുടെ വിശദാംശങ്ങൾ	ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ വിവരങ്ങൾ (തുക/വാല്യുവേഷൻ തീയതി)
1	ബദാം- മണക്കാട് പിഎച്ച്സി കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നത്	₹4498/24-08-2019
2	പ്ലാവ്- മണക്കാട് പിഎച്ച്സി കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നത്	₹8284/24-08-2019
3	2 തേക്ക് മരം, 1 മരുത് മരം- മണക്കാട് പുതിയ പിഎച്ച്സി കെട്ടിടം പണി കഴിപ്പിച്ച സ്ഥലത്ത് നിന്നിരുന്നത്	നാളിതു വരെ വാല്യുവേഷൻ വാങ്ങിയിട്ടില്ല
4	ക്രമ നം.3ൽ സൂചിപ്പിച്ച തേക്ക് മരത്തിന്റെ 4 തടിക്കഷണങ്ങൾ	₹4508/04-07-2018
5	വട്ട മരം- വഴിത്തല ഷോപ്പിങ്ങ് കോംപ്ലക്സ് കോമ്പൗണ്ട്	₹12,861/08-11-2019

ലേലം തുടർ നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5/29-10-21 ന് നൽകിയ മറുപടിയിൽ ക്രമ നം. 1,2,4,5 എന്നിവയ്ക്ക് പുനർ ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ലെന്നും ക്രമ നം.3 ലെ മരങ്ങൾക്ക് വാല്യുവേഷൻ ലഭിയ്ക്കുന്നതിന് ഉടൻ കത്ത് നൽകുന്നതാണെന്നും മറുപടി നല്കി. 04-07-2018 ൽ മണക്കാട് പുതിയ പിഎച്ച്സി കെട്ടിടം പണി കഴിപ്പിച്ച സ്ഥലത്ത് നിന്നിരുന്ന 2 തേക്ക് മരം, 1 മരുത് മരം എന്നിവയ്ക്ക് കൂടി മറ്റ് തടിക്കഷണങ്ങളോടൊപ്പം വാല്യുവേഷൻ ലഭ്യമാക്കേണ്ടിയിരുന്നെങ്കിലും ചെയ്തിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഇത്തരം അലംഭാവം ആവർത്തിക്കാതെ ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്. മരങ്ങൾ ദ്രവിച്ച് നശിച്ച് പോകാതെ ലേലം നടത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യങ്ങളിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-16 വാടക ഇനത്തിൽ വൻകുടിശ്ശിക

2020-21 ലെ വാർഷികധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ വാടകക്കുടിശ്ശികയായി ₹150,762/- ഈടാക്കാനുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം, തുടർനടപടികൾ ഇവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4/29-10-21 നൽകിയിരുന്നു. 2020-21 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക കടകൾ തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്തതിനാൽ സ.ഉ.(സാധാ)നം.1278/2020 തസ്വഭവ തീയതി 29/06/2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 16-06-21 ലെ 6(1) നമ്പർ തീരുമാന പ്രകാരം ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. 25-09-21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 15(1,2,3) നമ്പർ തീരുമാന പ്രകാരം പിഴപ്പലിശയിൽ നിന്ന് എല്ലാ വാടകക്കാരെയും ഒഴിവാക്കിയിട്ടുണ്ട്. ബാക്കി പത്ത് മാസത്തെ വാടകയിൽ ₹45,570/- കുടിശ്ശിക ലഭ്യമായിട്ടുണ്ടെന്നും ശേഷിക്കുന്ന തുക ഈടാക്കുന്നതിന് 16-09-21 ൽ നോട്ടീസ് നൽകിയെന്നും താമസംവിനാ പിരിച്ചെടുക്കുന്നതാണെന്നും മറുപടി ബോധിപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ വാടകകുടിശ്ശികയിനത്തിൽ വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയിരുന്ന ₹3608/-ൽ ₹1944/-, 25.09.2021-ലെ 15(2) നമ്പർ കമ്മിറ്റിത്തീരുമാന പ്രകാരം വാടക അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയ ശ്രീ.ശ്രീകുമാർ എസ്, ഈട്ടിക്കാനൽ എന്ന വ്യക്തിയുടേതാണെന്നും ക്ലെറിക്കൽ പിഴവ് മൂലം വാടകക്കുടിശ്ശികയായി ഉൾപ്പെടുത്തിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ₹ 1664/- വർഷങ്ങളായി അരിയർ ഡിമാന്റിലുള്ളതാണെന്നും ടി തുക ഏതെന്ന് മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ അതും കമ്മിറ്റിയുടെ പരിഗണനയ്ക്കു വിധേയമായി ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിലെ കുടിശ്ശിക സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വാടകക്കാരൻ/കെട്ടിട നം.	വാടക 2020-21 ₹	റിമാർക്സ്
1	12/106 അനീഷ് എം.കെ.,മുട്ടത്തേ്ശ്ശരിൽ,വഴിത്തല	18340	കരാർ ചമച്ചിട്ടുണ്ട്
2	12/105 കെ.എം.ബേബി,കുരിശിങ്കൽ	19040	കരാർ ചമച്ചിട്ടുണ്ട്
4	12/109A അനീഷ് എം.കെ.,മുട്ടത്തേ്ശ്ശരിൽ,വഴിത്തല	13310	കരാർ ചമച്ചിട്ടുണ്ട്
5	12/103 ശ്യാമള സദാനന്ദൻ,കുന്നുംപുറത്ത് ,വഴിത്തല	8110	കരാർ ചമച്ചിട്ടുണ്ട്
6	12/102 കെ.എം.ജോർജ്ജ് ,മാടത്തുംചേരിൽ,മാറിക	7880	കരാർ ചമച്ചിട്ടുണ്ട്
7	12/101 ബിനു ജോൺ,മാടത്തുംചേരിൽ ,മാറിക	11530	കരാർ ചമച്ചിട്ടുണ്ട്
8	12/100 ബിനു ജോൺ, മാടത്തുംചേരിൽ, മാറിക	11820	കരാർ ചമച്ചിട്ടുണ്ട്
9	12/99 അനീഷ് എം.കെ., മുട്ടത്തേ്ശ്ശരിൽ, വഴിത്തല	9120	കരാർ ചമച്ചിട്ടുണ്ട്
10	12/98 ടി.കെ.തോമസ്, താഴത്ത്പറത്തട്ടേൽ, വഴിത്തല	7790	കരാർ ചമച്ചിട്ടുണ്ട്
11	12/97 ടി.കെ.തോമസ്, താഴത്ത്പറത്തട്ടേൽ, വഴിത്തല	18740	കരാർ ചമച്ചിട്ടുണ്ട്
12	12/109B അനീഷ് എം.കെ., മുട്ടത്തേ്ശ്ശരിൽ, വഴിത്തല	7670	കരാർ ചമച്ചിട്ടുണ്ട്
	ആകെ	1,33,350	

വാടകക്കുടിശ്ശിക കാലതാമസം കൂടാതെ പിരിച്ചെടുത്ത് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. കുടിശ്ശികക്കാരെ തുടർ ലേലങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കുവാൻ പാടുള്ളതല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

1-17 പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല, ചെലവ് തടസ്സം ₹377855/

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകളുടെ വിനിയോഗ വിവരം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹377855/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം.	പ്രോജക്ട്	ബിൽ നം./ തീയതി / തുക (₹)	തുക കൈപ്പറ്റിയത്

1	246/21, ജലജീവൻ മിഷൻ പഞ്ചായത്ത് വിഹിതം (ജനറൽ)	20100552016801350679/ 25.03.2021/ ₹253626/-, 201005520168011423856/ 29.03.2021/ ₹46374/- ആകെ ₹300000/-	കേരള വാട്ടർ അതോറിറ്റി
2	247/21, ജലജീവൻ മിഷൻ പഞ്ചായത്ത് വിഹിതം (എസ്.സി.പി.)	20100552016800194116/25.05.2020/ ₹64000/-	കേരള വാട്ടർ അതോറിറ്റി
3	273/21, വഴിത്തല പൊതുമാർക്കറ്റിലെ പബ്ലിക് ടോയ്‌ലറ്റിന് വാട്ടർ കണക്ഷൻ	20100552016801423853/ 29.03.2021/ ₹13855/-	കേരള വാട്ടർ അതോറിറ്റി
	ആകെ	₹377855/-	

1-18 മരുന്നുകൾ ലഭ്യമായിട്ടില്ല

പഞ്ചായത്തിലെ വിവിധ ആശുപത്രികളിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന പ്രോജക്ടുകൾ പ്രകാരം തുകകൾ ഒടുക്കിയിട്ടുണ്ടെങ്കിലും ആവശ്യമുള്ള മരുന്നുകൾ പൂർണ്ണമായും നാളിതു വരെ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ പേര്, നമ്പർ	ബിൽ നമ്പർ/തുക (₹)	മരുന്ന് ലഭ്യമായത് ₹	ലഭ്യമാകാൻ അവശേഷിക്കുന്നത് ₹
പാലിയേറ്റീവ്കെയർ(13/21) പിഎച്ച് സി	20100552018700905342/ 07-01-21/ 40400/- KMCL	33164/-	7236/-
ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങൽ(9/21)	20100552013200713931/ 10-11-20/150,000 20100552013200713929/ 10-11-20/ 150,000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡ്	32995/- --	117,005 150000
പിഎച്ച്സിക്ക് മരുന്ന് വാങ്ങൽ(11/21)	20100552018700748348/18-11-20/ 300000/- 20100552018700897341/06-01-21/ 100,000/- KMCL	139,758/- --	160,242/- 100,000/-
		ആകെ	5,34,483/-

വിവിധ പദ്ധതികളിലായി ലഭ്യമാകാൻ അവശേഷിക്കുന്ന ₹5,34,483/-ന്റെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. അതുവരെ ₹5,34,483/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 CFLTC മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി തനതു ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുകയുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല

CFLTC മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെയും നോഡൽ ഓഫിസറുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് തനതു ഫണ്ടിൽ നിന്നും ചെക്ക് നം.2609228/30.07.2020 പ്രകാരം ₹25000/-പിൻവലിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക തനതുഫണ്ടിലേക്ക് റീകൂപ്പ് ചെയ്തിട്ടുള്ളതിന്റെയും മുൻകൂർ തുകയുടെ ക്രമീകരണ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.7/5.11.21) മറുപടി നൽകിയിട്ടില്ല. മുൻകൂർ തുക തനതുഫണ്ടിലേക്ക് ക്രമീകരിച്ചിട്ടുള്ളതിന്റെ വിവരങ്ങളും CFLTC ചെലവ് വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-20 വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല

ഒക്ടോബർ 2020 മുതൽ മാർച്ച് 2021 വരെയുള്ള പ്രതിമാസ വെള്ളക്കരം ₹59063/-വീതം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി ഡിമാൻഡ് തുകയിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. ഒടുക്കു വരുത്തിയിട്ടുള്ള വെള്ളക്കരത്തിന്റെ പിഴയും കൂടി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

മാസം	മുന്നിരിപ്പായി നിൽക്കുന്ന ഡിമാന്റ് തുക	പിഴ	തൻമാസ ഡിമാന്റ്	ആകെ	ഡിമാന്റ് ബിൽനം./ തീയതി	ഒടുക്കിയ തുക, ചെക്ക് നം&തീയതി
10/20	560331	11003	59063	630997	46110/ 12.10.20	₹59063 4248661/ 23.10.20
11/20	630997	12400	59063	702460	46830/ 12.11.20	₹59063 4248664/ 19.11.20
12/20	702460	13801	59063	775324	47553/ 15.12.20	₹59063 4248668/ 22.12.20
1/21	775324	15230	59063	849617	48458/ 19.1.21	₹59063/- 4248672/ 23.1.21
2/21	849617	16688	59063	925368	49396/8.2.21	₹59063/- 4248675/ 23.2.21
3/21	925368	18174	59063	1002605	50370/ 12.3.21	₹59063/- 4248680/ 19.3.21

സംസ്ഥാന സർക്കാർ മണക്കാട് ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള വികസന ഫണ്ട് പൊതുവിഭാഗം,ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റ് തുകയുടെ സ്രോതസ്സിൽ നിന്നും 2018-19,2019-20 വർഷങ്ങളിലായി ₹154287/- വെള്ളക്കരമിനത്തിൽ നേരിട്ട് കുറവു വരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക വെള്ളക്കരം കുടിശികയിൽ നിന്നും കുറവു വരുത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി ഒടുക്കു വരുത്തിയിട്ടുള്ള വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് തുകയിൽ നിന്നും കുറവ് വരുത്താത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻക്വയറി-9/6.11.21) മറുപടി നൽകിയിട്ടില്ല. രേഖകൾ

പരിശോധിച്ചതിൽ 2011-12 വർഷം മുതലുള്ള വെള്ളക്കരം ഡിമാന്റ് തുക, ഗ്രാമപഞ്ചായത്ത് ഒടുക്കു വരുത്തിയ തുക, കുടിശിക തുക എന്നിവ തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു. 2011-12 വർഷം മുതലുള്ള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് തുക, ഗ്രാമ പഞ്ചായത്ത് ഒടുക്കു വരുത്തിയ തുക, വാട്ടർ അതോറിറ്റി കുടിശികയായി കണക്കാക്കിയ തുക എന്നിവ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കി യഥാർത്ഥ കുടിശിക തുകയുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

1-21 നെൽ കൃഷിക്ക്കൂലിച്ചെലവ് സബ്സിഡി -അപാകതകൾ

2020-21 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പദ്ധതി നമ്പർ / പദ്ധതി	ബിൽ നമ്പർ/ തിയതി/തുക	റിമാർക്സ്
Soo28/21 നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി	20100552013000975784/ തീ21-1-2021/തുക 20875 20100552013000975802/ തീ21-1-2021/ തുക37720 20100552013001068249/ തീ10-2-2021/ തുക34152 20100552013001198654/ തീ 6-3-2021/തുക34753	ഗുണഭോക്താവ് സ്വന്തമായോ പാട്ടത്തിനോ നെൽ കൃഷി ചെയ്യുന്നതിന് ഭൂമിയുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷയിൽ ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലും ഇല്ല.

അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ കരം കെട്ടിയ രസീത് ഹാജരാക്കാത്തവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)ഫ്രാൻസിസ് ഉലഹന്നാൻ

2)ജോജോ പോൾ

3)എൻ.മോഹൻദാസ്

4)കൃഷ്ണൻ നമ്പൂതിരി

5)എൻ.കൃഷ്ണൻ ഉണ്ണി

ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുമ്പോൾ രേഖകൾ കൃത്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സാക്ഷ്യപ്പത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-2021	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു	

4-2 സംയുക്ത പദ്ധതികൾ

വിഹിതം നൽകിയ സ്ഥാപനം	തൻവർഷം ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്	30000	ജവഹർ ഭവന പദ്ധതി വായ്പ പലിശ തിരിച്ചടവ്(4/20)	30000	0
	199750	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ്(21/20)	199750	0
	765664 (മുൻ വർഷം ലഭിച്ച തുക)	ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ(176/21)	305000	460664
ഇടുക്കി ജില്ലാ പഞ്ചായത്ത്	245000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(14/21)	245000	0
	257703	നെൽകൃഷി കർഷകർക്ക് കൂലി ചെലവ് (244/21)	130203	127500

ലൈഫ് ഭവന പദ്ധതിക്കായി തൻവർഷം ലഭിച്ച ₹121000/-യും മുൻവർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ₹460664/-യുൾപ്പെടെ ₹581664/-നീക്കിയിരുപ്പായി അവശേഷിക്കുന്നുണ്ട്.

4-3 നിക്ഷേപ പ്രവൃത്തികൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	വഴിത്തല പൊതു മാർക്കറ്റ് പബ്ലിക് ടോയ്‌ലറ്റിൽ പ്ലംബിംഗും വാട്ടർ ടാങ്ക് സ്ഥാപിക്കലും (272/21)	ബിൽ നം. 20100552016801423847/ 29.3.21	35445	35445	0
കേരള വാട്ടർ അതോറിറ്റി	വഴിത്തല പൊതുമാർക്കറ്റ് പബ്ലിക് ടോയ്‌ലറ്റ് വാട്ടർ കണക്ഷൻ (273/21)	20100552016801423853/ 29.3.21	13855	13855	0

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിൽ വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം.	തൻവർഷ വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
				മുതൽ	പലിശ	
ജവഹർ മുതൽ തിരിച്ചടവ്	സ.ഉ.നം 1577/2018, തീ.27/05/2015	0	30,00,000	5,00,000		25,00,000

ലൈഫ് ഭവന പദ്ധതി	ജി.ഒ(എം.എസ്) 68/18, എൽ.എസ്.ജി.ഡി തീ.18.05.2018	0	7257059	599726	0	6657333

പ്രോജക്ട് നം.2/21 പ്രകാരം ജവഹർ ഭവന പദ്ധതി വായ്പയിനത്തിൽ ₹500000/-വികസന ഫണ്ട് പൊതുവിഭാഗത്തിൽ തിരിച്ചടച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തിരിച്ചടവ് വിവരം വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല. സാംഖ്യ അക്കൗണ്ട് പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക ₹3000000/-യാണ്. വായ്പ രജിസ്റ്റർ കാലികമാക്കി വായ്പ തിരിച്ചടവ് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-11	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ₹18,334/-	ലഭ്യമാക്കിയില്ല
2012-13	2-4	ലഘു അവലോകന റിപ്പോർട്ടുകൾ	2-4(11മുതൽ 25 വരെ) പേജ് നം 18,19)	ലഘു അവലോകനം ഫ്രണ്ട്ഓഫീസ് സംവിധാനം	-ടി-
2015-16	2-1	2016-17	അനുബന്ധം-4	തൊഴിൽ നികുതി-അപാകതകൾ	-ടി-

4-9 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക	ചാർജ് സർട്ടിഫിക്കറ്റ്	സ്വയം അടവാക്കിയ തുക (രസീത്	സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാ	കോടതി വ്യവഹാരങ്ങൾ	ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാദ്ധ്യത	റിമാർക്ക്

			സ്ഥാനം, ഭരണവകുപ്പ്			നം./ തീയതി)	തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല)	ക്കിയ തുക (തീയതി)					
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13	14
1	1996-97	1, 2, 3	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/ 2000/ 22.11.01	799	₹799/- 82/61390/ 29.03.2000 40/7740/ 27.03.2002 79/49988/ 21.08.2005		-	-	-	799	ഇല്ല	-
2	1996-97	2 (Part) & 4	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/ 2000/ -.11.01	673	₹673/- 40/7740/ 27.03.2002/ 7/61403/ 01.09.2000 41/7740/ 27.03.2002 69/61381/ 15.01.2000		-	-	-	673	ഇല്ല	-
3	2000-01	27	വി. എ. ജോസഫ് ജൂനിയർ സൂപ്രണ്ട്	LF-20350/ 04 Dt:08.06.05	1329	₹1329/- 93/4142 06.06.2005		-	-	-	1329	ഇല്ല	-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)<u>സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്	₹13468228.60
ഓഡിറ്റ് വർഷത്തെ വരവ്	₹49034507
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹62502735.60
ഓഡിറ്റ് വർഷത്തെ ചെലവ്	₹48411175
ഓഡിറ്റ് വർഷത്തെ നീക്കിയിരുപ്പ്	₹14091560.60
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹377855/-

(ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
1-17	₹377855	₹64000/- ശ്രീ. ഷാജിമോൻ വി.കെ., സെക്രട്ടറി ₹ 313855/- ശ്രീ. ജോസ് എം.സൈമൺ, സെക്രട്ടറി

(സി)<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി)<u>നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഷാജിമോൻ വി.കെ., സെക്രട്ടറി	വിരമിച്ചു	വള്ളാടിയിൽ വീട്, മുളപ്പുറം പി.ഒ., ഇടുക്കി
ശ്രീ. ജോസ് എം.സൈമൺ, സെക്രട്ടറി	വിരമിച്ചു	മാപ്പിളക്കുന്നേൽ വീട്, കരിമണ്ണൂർ പി.ഒ.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98	കെ.എസ്.എ./ ഐ.ഡി.കെ-7/743/18 തീ. 14.06.2018	1	30
2000-01	കെ.എസ്.എ./ ഐ.ഡി.കെ-7/743/18 തീ. 14.06.2018	1	21
2006-07	കെ.എസ്.എ./ ഐ.ഡി.കെ-7/1313/15/ തീ.04.03.2016	13	2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-6, 3-8, 3-9, 3-10,3-12, 3-13
2007-08	കെ.എസ്.എ./ ഐ.ഡി.കെ-7/1643/17/ തീ.12.03.2018	9	2-2, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10
2008-09	എൽ.എഫ്.ഐ.-7/ 486/14/ തീ.17.10.2014	4	2-2, 3-1, 3-2, 3-3
2009-10	കെ.എസ്.എ./ ഐ.ഡി.കെ-7/1378/17/ തീ.11.12.2017	9	3-1, 3-3, 3-4, 3-5, 3-7, 3-8, 3-10, 3-11, 3-12
2010-11	കെ.എസ്.എ./ ഐ.ഡി.കെ-7/1500/16/ തീ.26.12.2016	4	3-1, 3-2, 3-3, 3-7
2011-12	കെ.എസ്.എ./ ഐ.ഡി.കെ-7/51/16/ തീ.29.03.2016	2	3-5, 3-6
2012-13 & 2013-14	കെ.എസ്.എ./ ഐ.ഡി.കെ-7/1135/16/ തീ.21.12.2016	5	2-2, 2-3, 3-3, 3-5, 3-8
2014-15	കെ.എസ്.എ./ ഐ.ഡി.കെ-7/1184/16/ തീ.13.02.2017	4	2-1, 2-2, 3-1, 3-4

2015-16	കെ.എസ്.എ.ഐ.ഡി.കെ.7/ 1240/17/ തീ.12.01.2018	6	2-1, 3-1, 3-3, 3-4, 3-5, 3-6
2016-17	കെ.എസ്.എ.ഐ.ഡി.കെ.7/ 1262/17/ തീ.04.12.2017	11	2-1, 2-2, 2-4, 2-6, 3-1, 3-2, 3-3, 3-4, 3-6
2017-18	കെ.എസ്.എ.ഐ.ഡി.കെ.7/ 1262/17/ തീ.04.12.2017	5	2-4, 3-1, 3-2, 3-5, 3-8
2018-19	കെ.എസ്.എ.ഐ.ഡി.കെ.7/ 121/2020/ തീ.06.05.2020	14	1-12,1-14,1-15,1-16,1-17,1-18,1-19,1-20,1-21, 2-1,2-2,4-8,4-9,4-11

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്